തിരുവോണ ബമ്പർ നറുക്കെടുപ്പ് ഇന്ന്

തൃശ്ശൂർ: കേരള ലോട്ടറി ചരിത്രത്തിലെ എക്കാലത്തെയും വലിയ സമ്മാനത്തുകയായ 30 കോടി രൂപയുടെ തിരുവോണം ബമ്പർ (BR 111) നറുക്കെടുപ്പ് ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരം ഗോർഖി ഭവനിൽ നടക്കും. കഴിഞ്ഞ വർഷം 25 കോടി രൂപയായിരുന്ന ഒന്നാം സമ്മാനം ഇത്തവണ 30 കോടിയായി സർക്കാർ ഉയർത്തിയിട്ടുണ്ട്. ആകെ അച്ചടിച്ച 90 ലക്ഷം ടിക്കറ്റുകളും പൂർണ്ണമായി വിറ്റഴിഞ്ഞു. ഏറ്റവും കൂടുതൽ ടിക്കറ്റുകൾ വിറ്റഴിഞ്ഞത് പാലക്കാട് ജില്ലയിലാണ് (20,95,300). തൃശൂർ (10,62,000), തിരുവനന്തപുരം (8,64,100) ജില്ലകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയപ്പോൾ, കാസർകോടാണ് ഏറ്റവും കുറവ് വിൽപ്പന നടന്നത് (2,71,400).

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 169 2026 സെപ്തംബർ 26 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഗ്യാനേഷ് കുമാറിന്റെ രാജി ആവശ്യപ്പെട്ട് വൻ പ്രതിഷേധം

മഹുവ മൊയ്ത്രയും യോഗേന്ദ്ര യാദവുമടക്കം 150ലധികം പേർ കസ്റ്റഡിയിൽ

ന്യൂഡൽഹി: ചീഫ് ഇലക്ഷൻ കമീഷണർ ഗ്യാനേഷ് കുമാറിന്റെ രാജിയും അറസ്റ്റും ആവശ്യപ്പെട്ട് ഡൽഹിയിൽ പ്രതിഷേധം നടത്തിയ രാഷ്ട്രീയ നേതാക്കളും വിദ്യാർഥി പ്രതിനിധികളും സന്നദ്ധപ്രവർത്തകരുമടക്കം 150-ലധികം പേരെ ഡൽഹി പൊലീസ് കസ്റ്റഡിയിലെടുത്തു. ജന്തർമന്തറിനും ദീൻദയാൽ ഉപാധ്യായ (ഡി.ഡി.യു) മാർഗിനും സമീപമുള്ള മൂന്ന് കേന്ദ്രങ്ങളിൽ ഉച്ചയോടെയാണ് നാടകീയ സംഭവങ്ങൾ അരങ്ങേറിയത്. വോട്ടർ പട്ടികയുടെ പ്രത്യേക തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെയും (എസ്.ഐ.ആർ) പ്രതിഷേധമുയർന്നു.

തൃണമൂൽ കോൺഗ്രസ് എം.പി മഹുവ മൊയ്ത്ര, ആക്ടിവിസ്റ്റ് യോഗേന്ദ്ര യാദവ്, ഡൽഹി പ്രദേശ് കോൺഗ്രസ് കമ്മിറ്റി (ഡി.പി.സി.സി) പ്രസിഡന്റ് ദേവേന്ദർ യാദവ്, സി.പി.ഐ (എം.എൽ) ലിബറേഷൻ ജനറൽ സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യ, ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് അസോസിയേഷൻ (എ.ഐ.എസ്.എ) പ്രസിഡന്റ് നേഹ ബോറ തുടങ്ങിയ പ്രമുഖരെയാണ് പൊലീസ് കസ്റ്റഡിയിലെടുത്തത്. ഇവരെ പിന്നീട് രാത്രി എട്ടുമണിയോടെ വിട്ടയച്ചു.

സമരത്തിന് മുൻകൂർ അനുമതി വാങ്ങിയിരുന്നില്ലെന്ന് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. എന്നാൽ പാർലമെന്റ് സ്ട്രീറ്റ് പൊലീസ് സ്റ്റേഷനിൽ പ്രതിഷേധ വിവരം അറിയിച്ചിരുന്നതായി എ.ഐ.എസ്.എ വ്യക്തമാക്കി. ജന്തർമന്തറിലേക്കും തെരഞ്ഞെടുപ്പ് കമീഷൻ ആസ്ഥാനത്തേക്കും മാർച്ച് നടത്താൻ ശ്രമിച്ച പ്രവർത്തകരെയാണ് ഡൽഹി പൊലീസും അർദ്ധസൈനിക വിഭാഗങ്ങളും ചേർന്ന് തടഞ്ഞത്. കസ്റ്റഡിയിലെടുത്തവരെ വിവിധ പൊലീസ് സ്റ്റേഷനുകളിലേക്ക് മാറ്റുകയായിരുന്നു.

പ്രതിഷേധം ജനാധിപത്യ അവകാശമാണെന്നും വോട്ടവകാശം ഹനിക്കപ്പെടുമ്പോൾ ചോദ്യം ചെയ്യുമെന്നും നേതാക്കൾ പ്രതികരിച്ചു. ഗ്യാനേഷ് കുമാറിനെ കമീഷണർ സ്ഥാനത്തുനിന്ന് നീക്കുന്നത് വരെ സമരം തുടരുമെന്ന് കോൺഗ്രസ് നേതാക്കൾ വ്യക്തമാക്കി. ജന്തർമന്തറിലും പരിസരങ്ങളിലും ഡൽഹി പൊലീസിനു പുറമെ ബി.എസ്.എഫ്, സി.ആർ.പി.എഫ് സേനകളെയും വിന്യസിച്ചിരുന്നു. പ്രതിഷേധത്തെ തുടർന്ന് ഡി.ഡി.യു മാർഗിൽ ഗതാഗതവും തടസ്സപ്പെട്ടിരുന്നു.

അക്കാദമിയിൽ സ്റ്റാമ്പിനുപോലും പണമില്ല; ഭരണകൂട നിയന്ത്രണം ഉണ്ടാവില്ലെന്ന്പ്രതീക്ഷ: കൽപറ്റ നാരായണൻ



തൃശൂർ: കേരള സാഹിത്യ അക്കാദിമി അധ്യക്ഷനായി നിയമിച്ചതിൽ സന്തോഷമറിയിച്ച് എഴുത്തുകാരൻ കൽപറ്റ നാരായണൻ. അക്കാദമിയിൽ നിലവിൽ സ്റ്റാമ്പിനുപോലും പണമില്ലെന്നും തന്നെ കാത്തിരിക്കുന്നത് വലിയ വെല്ലുവിളികളാണെന്നും അദ്ദേഹം പ്രതികരിച്ചു. ഭരണകൂടം അക്കാദമിക്കുമേൽ നിയന്ത്രണം കൊണ്ടുവരില്ലെന്നു പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

'ഏറെക്കാലമായി സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എനിക്ക് ആ സാഹിത്യ പ്രവർത്തനം കൂടുതൽ സർഗാത്മകമാക്കാനും കൂടുതൽ സ്വതന്ത്രമാക്കാനും കൂടുതൽ വ്യാപകമാക്കാനുമുള്ള സന്ദർഭമായി കേരള സാഹിത്യ അക്കാദമി അധ്യക്ഷസ്ഥാനത്തെ ഞാൻ കാണുന്നു. മുന്നിൽ വെല്ലുവിളികളുണ്ട്. ധനപരമായിട്ടുള്ള വലിയ വെല്ലുവിളി തന്നെയുള്ളതായി മനസ്സിലാക്കുന്നു. രാഷ്ട്രീയ നിയന്ത്രണങ്ങൾ ഉണ്ടാവാൻ ഇടയില്ലെന്നു കരുതുന്നു. മറ്റു നിയന്ത്രണങ്ങൾ വരില്ലെന്നും കരുതുന്നു.

'സാമ്പത്തികമായ വെല്ലുവിളി വളരെ പ്രധാനമാണ്. അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിഞ്ഞുകൂടാത്ത സാഹചര്യത്തിലാണ് നിൽക്കുന്നത്. ഒരു സ്റ്റാമ്പിനുപോലും പണമില്ലാത്ത അവസ്ഥയാണ് അവിടെ എന്നാണ് അറിയാൻ കഴിഞ്ഞത്. അതൊക്കെ ഭരണകൂടം പരിഹരിക്കുമെന്ന വിശ്വാസമുണ്ട്. പുസ്തക വിൽപനയിലൂടെയും മറ്റു പല മാർഗങ്ങളിലൂടെയും പണം കണ്ടെത്താമെന്ന് പ്രത്യാശയുണ്ട്. വനം വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ടൂറിസം ഇവ മൂന്നുമായിട്ടും സഹകരിച്ചുകൊണ്ട് പരിപാടികൾ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാരണം വനം വകുപ്പിന് ഒരുപാട് മനോഹരമായ സ്ഥലങ്ങളുണ്ട്. സാഹിത്യക്യാമ്പുകൾക്ക് അതൊക്കെ ഉപയോഗിക്കാൻ കഴിയുന്നതാണ്.

'അക്കാദമി അധ്യക്ഷൻ, സെക്രട്ടറി എന്നീ പദവികളിലേക്കാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. വൈസ് പ്രസിഡണ്ട്, എക്സിക്യൂട്ടീവ് കമ്മറ്റി തുടങ്ങിയവ നികത്തേണ്ടതുണ്ട്. വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം, മികച്ച എഴുത്തുകാരുടെ സഹകരണം ആവശ്യമാണ്. ഭരണനിർവ്വഹണത്തിൽ ആർക്കും വിസമ്മതം ഉണ്ടാകാൻ ഇടയില്ലാത്ത തരത്തിൽ എഴുത്തുകാരുടെയും സംഘാടകരുടെയും സഹകരണം ഉണ്ടാവേണ്ടതുണ്ട്. അത്തരം ചർച്ചകൾ സാംസ്കാരിക വകുപ്പുമായും മന്ത്രിയുമായും നടത്തേണ്ടതുണ്ട്.'- കൽപറ്റ നാരായണൻ പ്രതികരിച്ചു

'എന്തുകൊണ്ട് ഇതുവരെ എഫ്.ഐ.ആർ. ഇട്ടില്ല?'; CMRL കേസിൽ വിജിലൻസിനോട് ഹൈക്കോടതി

തിരു: സി.എം.ആർ.എൽ.- എക്സാലോജിക് അഴിമതിയാരോപണക്കേസിൽ എന്തുകൊണ്ടാണ് ഇതുവരെ പ്രാഥമികാന്വേഷണ റിപ്പോർട്ട് (എഫ്.ഐ.ആർ.) രജിസ്റ്റർ ചെയ്യാത്തതെന്ന് വിജിലൻസിനോട് ഹൈക്കോടതി. ഗൗരവതരമായ കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ടെന്ന് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടും നടപടികൾ വൈകുന്നതിലെ അസംതൃപ്തി കോടതി പ്രകടിപ്പിച്ചു. മുദ്രവെച്ച കവറിൽ വിവരങ്ങൾ കൈമാറണമെന്നും വിശദമായ വാദം കേൾക്കാമെന്നും കോടതി അറിയിച്ചു.

കേസിൽ വിജിലൻസ് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് പൊതുപ്രവർത്തകൻ കെ.എം. ഷാജഹാൻ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഈ ഹർജി പരിഗണിച്ചുകൊണ്ടാണ് കോടതി എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്യാത്തത് സംബന്ധിച്ച് ചോദിച്ചത്. വിഷയത്തിൽ പ്രാഥമികാന്വേഷണം നടക്കുന്നുണ്ടെന്ന് സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയെ അറിയിച്ചു.

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) നൽകിയ കത്തിന്റെ പൂർണവിവരങ്ങൾ സംബന്ധിച്ചും സർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകനോട് ഹൈക്കോടതി ആരാഞ്ഞു. ഇക്കാര്യങ്ങളെല്ലാം വിശദമാക്കി മുദ്രവെച്ച കവറിൽ വിശദാംശങ്ങൾ കൈമാറാമെന്ന് ഇ.ഡി. കോടതിയെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിക്ക് കത്ത് കൈമാറിയത് ചില കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണെന്നും അതിനാൽ തന്നെ എഫ്. ഐ.ആർ. രജിസ്റ്റർ ചെയ്തുതന്നെ അന്വേഷണം നടത്തണമെന്നുമാണ് ഇ.ഡി.യുടെ നിലപാട്.

ചിമ്മിനി ഡാമിൽ നിന്നുള്ള ജലവിതരണം ആരംഭിച്ചു

തൃശ്ശൂർ : ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷിയുടെ മുന്നോടിയായി ചിമ്മിനി ഡാമിൽ നിന്നുള്ള ജലവിതരണം ആരംഭിച്ചു. കെ.എസ്.ഇ.ബി പവർ ജനറേഷൻ മുഖേന ഇന്ന് രാവിലെ എട്ട് മുതൽ സെക്കൻഡിൽ 6.36 ക്യുബിക് മീറ്റർ എന്ന തോതിലാണ് വെള്ളം തുറന്നുവിടാൻ തുടങ്ങിയത്.

മുഖ്യമന്ത്രിയോട് ചോദ്യങ്ങൾ ചോദിക്കരുത്, മാറിനിൽക്കണം; മാധ്യമപ്രവർത്തകർക്ക് പൊലീസിന്റെ വിലക്ക്

കൊച്ചി: മുഖ്യമന്ത്രി വി ഡി സതീശനോട് ചോദ്യം ചോദിക്കുന്നതിൽ നിന്ന് മാധ്യമപ്രവർത്തകർക്ക് പൊലീസിന്റെ വക വിലക്ക്. കൊച്ചിയിൽ ഗോകുലം പാർക്കിൽ മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങ് റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമപ്രവർത്തകരെ അസിസ്റ്റന്റ് കമ്മീഷണർ പീറ്റർ കെ ജെ തടയുകയായിരുന്നു.

മുഖ്യമന്ത്രിയോട് ചോദ്യങ്ങൾ ചോദിക്കരുതെന്നും അവയ്ക്ക് മറുപടി പറയാൻ അദ്ദേഹത്തിന് താത്പര്യമില്ലെന്നുമാണ് അസിസ്റ്റന്റ് കമ്മീഷണർ മാധ്യമപ്രവർത്തകരോട് പറഞ്ഞത്. ഇസഡ് പ്ലസ് സുരക്ഷയുള്ള ആളാണ് മുഖ്യമന്ത്രി. അതിനാൽ മാധ്യമപ്രവർത്തകർ അദ്ദേഹത്തിന്റെ സമീപത്തുനിന്ന് മാറിനിൽക്കണമെന്ന് അസിസ്റ്റന്റ് കമ്മീഷണർ നിർദേശിക്കുകയും ചെയ്തു.

ചോദ്യങ്ങൾ വിലക്കാൻ മുകളിൽനിന്ന് ആരെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ 'നിങ്ങൾ എന്ന് വേണമെങ്കിൽ നിങ്ങൾ കൊടുത്തോളൂ, എന്നെ തൂക്കിക്കൊല്ലുകയൊന്നും ഇല്ലല്ലോ' എന്നായിരുന്നു അസിസ്റ്റന്റ് കമ്മീഷണറുടെ മറുപടി. ചോദ്യങ്ങൾ വിലക്കാൻ എന്താണ് കാരണം എന്ന് വീണ്ടും മാധ്യമപ്രവർത്തകർ ചോദിച്ചെങ്കിലും അതിന് അസിസ്റ്റന്റ് കമ്മീഷണർ പ്രതികരിക്കാൻ തയ്യാറായില്ല.

ചാർട്ടർ ചെയ്തുള്ള വിമാനയാത്ര ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രതികരണം തേടിയതിന് പിന്നാലെ ഇന്നലെയും മാധ്യമ പ്രവർത്തകരോട് മുഖ്യമന്ത്രി ക്ഷോഭിച്ചിരുന്നു. ഇന്നലെ ഉച്ചയോടെ ഇടുക്കി കളക്ടറേറ്റിലായിരുന്നു സംഭവം. ഉന്നത ഉദ്യോഗസ്ഥരുടെയും വകുപ്പ് മേധാവികളുടെയും യോഗത്തിൽ പങ്കെടുത്ത് വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത ശേഷം മുഖ്യമന്ത്രി പുറത്തിറങ്ങിയപ്പോഴായിരുന്നു സംഭവം.

യോഗ തീരുമാനം വിശദീകരിക്കണ്ടേ, ജില്ലയിൽ വന്നിട്ട് മാധ്യമങ്ങളെ കാണുന്നില്ലേ എന്ന് മാധ്യമപ്രവർത്തകർ ആരാഞ്ഞു. ഇതിൽ പ്രതികരിച്ചില്ല. പിന്നാലെ വിവാദ വ്യവസായിയിൽ നിന്ന് പണം വാങ്ങിയതും ആകാശയാത്രയ്ക്ക് പണം നൽകിയതും സംബന്ധിച്ച് ചോദ്യമുയർന്നു. ഇതോടെ 'ഞാൻ നിങ്ങളെ കാണുന്നില്ല'. 'നിങ്ങൾ മാറിനിൽക്ക്, ഇവിടെ നിവേദനം തരാൻ വന്നവർ ബുദ്ധിമുട്ടുന്നു' എന്നിങ്ങനെ പ്രതികരിക്കുകയായിരുന്നു. മാറ്റിനിറുത്തെന്ന് പൊലീസിന് നിർദ്ദേശവും നൽകി.

മുഖ്യമന്ത്രിയായ ശേഷം ആദ്യമായി ജില്ലയിലെത്തിയതിനാൽ ഭൂപ്രശ്നങ്ങൾ, വന്യജീവി ആക്രമണം, നിർമ്മാണ നിരോധനം തുടങ്ങി വിവിധ വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ പ്രതികരണം പ്രതീക്ഷിച്ചിരുന്നു. മന്ത്രിസഭായോഗത്തിനുശേഷമുള്ള പതിവ് വാർത്താസമ്മേളനത്തിലും പല ചോദ്യങ്ങളോടും അദ്ദേഹം പ്രതികരിക്കാറില്ല.

വിനോദസഞ്ചാരികൾ യാത്ര ചെയ്ത കാർ പുഴയിലേക്കു മറിഞ്ഞ് യുവാവ് മരിച്ചു

ചെറുതോണി: ഇടുക്കി ജില്ലയിലെ ഏലപ്പാറക്കു സമീപം നാലാം മൈലിൽ കാർ പുഴയിലേക്ക് മറിഞ്ഞ് യുവാവ് മരിച്ചു. അടൂർ സ്വദേശി അഭിഷേക് എസ്. നായർ (28) ആണ് മരിച്ചത്.

കുട്ടിക്കാനത്തെ റിസോർട്ടിൽ താമസിച്ചിരുന്ന അഭിഷേക് ഉൾപ്പെടെയുള്ളവർ കരിന്തരുവിയിലുള്ള സുഹൃത്തുക്കളെ കാണാൻ പോകുന്നതിനിടെയാണ് അപകടം സംഭവിച്ചത്. അപകടത്തിൽ അഭിഷേകിന്റെ ഭാര്യ കാവ്യ ഉൾപ്പെടെയുള്ളവർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ ഉടൻ പീരുമേട് താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അഞ്ച് പേരാണ് വാഹനത്തിൽ ഉണ്ടായിരുന്നത്.

കുട്ടിക്കാനത്ത് നിന്ന് കട്ടപ്പന ഭാഗത്തേക്ക് സഞ്ചരിക്കുകയായിരുന്ന കാറാണ് കൈവരിയില്ലാത്ത പാലത്തിൽ നിന്ന് പുഴയിലേക്ക് പതിച്ചത്. ഇന്നലെ രാത്രിയായിരുന്നു അപകടം. അപകടത്തിൽപെട്ടവരെല്ലാം അടൂർ സ്വദേശികളാണ്. അഭിഷേകിന്റെ മൃതശരീരം പീരുമേട് താലൂക്ക് ആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ട്.

യൂത്ത് ലീഗ് തൃശ്ശൂർ ജില്ലാ സമ്മേളനത്തിന് തുടക്കം

കുന്നംകുളം: മുസ്‌ലിം യൂത്ത് ലീഗ് തൃശ്ശൂർ ജില്ലാ സമ്മേളനത്തിന് കുന്നംകുളത്ത് പ്രൗഢോജ്ജ്വലമായ തുടക്കം. കുന്നംകുളം ടൗൺഹാളിൽ യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് സനൗഫൽ പതാക ഉയർത്തിയതോടെയാണ് സമ്മേളന നടപടികൾക്ക് തുടക്കമായത്. തുടർന്ന് കുന്നംകുളം ലിവ ടവറിൽ തലമുറ സംഗമം നടക്കും.

വീണ്ടും പുലിയുടെ സാന്നിധ്യം; പുലിയെ നേരിൽക്കണ്ട് ഐ.ടി.ഐ വിദ്യാർഥി

പാലക്കാട്: വീട്ടിലേക്ക് നടന്നുപോകുന്നതിനിടെ പുലിയെക്കണ്ട് ഭയന്ന് വിദ്യാർഥി. മുണ്ടൂർ ഐ.ടി.ഐ വിദ്യാർഥി പാലക്കയം വാക്കോട് നിരവിൽ പുള്ളിക്കാട്ടിൽ വിനോദിന്റെ മകൻ അഭിജിത്ത് പി. വിനോദ് (21) ആണ് പുലിയെ നേരിൽക്കണ്ടത്. വ്യാഴാഴ്ച രാത്രി ഒമ്പതോടെയാണ് സംഭവം. ഇടക്കുർശ്ശിയിൽനിന്ന് മുടിവെട്ടി ബൈക്കിൽ വീട്ടിലേക്ക് മടങ്ങുകയായിരുന്ന അഭിജിത്ത്, പതിവുപോലെ റോഡരികിൽ വാഹനം നിർത്തി വീട്ടിലേക്ക് നടന്നുപോകുന്നതിനിടെയാണു പുലിയെക്കണ്ടത്.

പാലക്കയം റോഡിൽനിന്ന് ഏകദേശം ഒന്നര കിലോമീറ്റർ അകലെയാണ് അഭിജിത്തിന്റെ വീട്. വീട്ടിൽ നിന്ന് 200 മീറ്റർ അകലെയുള്ള ഭാഗം വരെയാണ് വാഹനമെത്തുന്നത്. വാഹനം നിർത്തി വീട്ടിലേക്കു നടക്കുന്നതിനിടെ തോട്ടത്തിന്റെ ഭാഗത്തുനിന്നു മുരൾച്ച പോലുള്ള ശബ്ദം കേട്ടെങ്കിലും കാര്യമാക്കിയില്ല. തുടർന്ന്, ടോർച്ച് അടിച്ചു നോക്കിയപ്പോഴാണ് പുലിയെ കണ്ടത്. പുലി മുരണ്ടതോടെ ഭയന്ന അഭിജിത്ത് തിരിഞ്ഞോടി താഴെയുള്ള സുഹൃത്തിന്റെ വീട്ടിൽ അഭയം തേടുകയായിരുന്നു.

ഏതാനും ദിവസങ്ങളായി പ്രദേശത്തു പുലിയുടെ സാന്നിധ്യത്തെക്കുറിച്ചു നാട്ടുകാർ ആശങ്ക പ്രകടിപ്പിച്ചിരുന്നു. അഭിജിത്തിന്റെ അമ്മ നേരത്തെ പുലിയുടെ മുരൾച്ച കേട്ടതായി പറഞ്ഞു. പ്രദേശത്തെ റബർ തോട്ടങ്ങളിൽ ടാപ്പിങ് ജോലിക്കെത്തുന്നവരും പുലിയെ കണ്ടതായും പറയുന്നുണ്ട്. രണ്ടുദിവസം മുമ്പ് അഭിജിത്തിന്റെ അച്ഛൻ വിനോദും പുലിയുടെ ശബ്ദം കേട്ടിരുന്നു. വിനോദിന്റെ ഭാര്യ അലക്കുന്നതിനിടയിലും പുലിയുടെ ശബ്ദം കേട്ടതായി കുടുംബം പറയുന്നു.

മാച്ചാംതോട് ചെന്തണ്ടിൽ മുമ്പ് പുലി പശുവിനെ പിടിച്ച സംഭവത്തിൽ വനംവകുപ്പ് ഇവിടെ കൂടു സ്ഥാപിച്ചിരുന്നു. പിന്നീട് പുലി കുടുങ്ങിയെങ്കിലും അതിനു ശേഷവും മാച്ചാംതോട് ഭാഗത്തു പുലിയുടെ സാന്നിധ്യമുണ്ടെന്നും പ്രദേശവാസികൾ പറയുന്നു. തുടർന്ന് വീണ്ടും കൂടു സ്ഥാപിച്ചെങ്കിലും പുലിയെ പിടികൂടാൻ കഴിയാത്തതിനെത്തുടർന്നു കൂട് വാക്കോട് നിരവ് ഭാഗത്തേക്കു മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഈ കൂട് സ്ഥാപിച്ചിരിക്കുന്ന പ്രദേശത്തിനു സമീപത്താണ് ഇപ്പോൾ അഭിജിത്ത് പുലിയെ കണ്ടതായി പറയുന്നത്.

പ്രദേശത്ത് റോഡിൽ വൈദ്യുതി വിളക്കുകൾ കാര്യമായി പ്രകാശിക്കാത്തതും പ്രദേശവാസികളുടെ ആശങ്ക വർധിപ്പിക്കുന്നുണ്ട്. രാത്രി ഈ ഭാഗത്തു വെളിച്ചമില്ലാത്തതിനാൽ വന്യമൃഗങ്ങളുടെ സാന്നിധ്യം സംബന്ധിച്ച ഭീതിയിലാണു നാട്ടുകാർ.

കബഡിയിൽ സ്വർണം തൂക്കി പെൺപട

നഗോയ: ഏഷ്യൻ ഗെയിംസിൽ വനിതാ കബഡിയിൽ ഇന്ത്യയ്ക്ക് സ്വർണ മെഡൽ. ആവേശകരമായ ഫൈനലിൽ ഇറാനെ 37-34ന് തോൽപ്പിച്ചാണ് ഇന്ത്യ കിരീടം നിലനിർത്തിയത്. ഏഷ്യൻ ഗെയിംസിൽ വനിതാ കബഡിയിൽ ഇന്ത്യയുടെ നാലാം സ്വർണ നേട്ടമാണിത്.

ആദ്യ പകുതിയിൽ ഇന്ത്യ മികച്ച പ്രകടനമാണ് പുറത്തെടുത്തത്. 22-16 എന്ന സ്കോറിനാണ് ഇന്ത്യ ഇടവേളയ്ക്ക് പിരിഞ്ഞത്. രണ്ടാം പകുതിയിൽ ഇറാൻ ശക്തമായി തിരിച്ചുവന്നെങ്കിലും മികച്ച പ്രകടനത്തിലൂടെ ഇന്ത്യ പ്രതിരോധം തീർക്കുകയായിരുന്നു. രണ്ടാം പകുതിയിൽ ഇറാൻ 18-15ന് മുന്നിലെത്തിയെങ്കിലും ആദ്യ പകുതിയിലെ ആറ് പോയിന്റിന്റെ ലീഡ് ഇന്ത്യയ്ക്ക് നിർണായകമായി. അവസാന നിമിഷങ്ങളിൽ ഇറാൻ സമ്മർദം ശക്തമാക്കിയെങ്കിലും ഇന്ത്യ പ്രതിരോധം ഉറപ്പിച്ച് വിജയം സ്വന്തമാക്കി.

KABADDI
Women's Team - Final
IND 9:49 IRI
25 25 21
2ND HALF
Aichi-Nagoya 2026

2010, 2014, 2022 വർഷങ്ങളിലെ ഏഷ്യൻ ഗെയിംസുകളിലും ഇന്ത്യ വനിതാ കബഡിയിൽ സ്വർണം നേടിയിരുന്നു. 2018ലെ ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ ഇറാനോട് തോറ്റ് വെള്ളി നേടിയതൊഴിച്ചാൽ വനിതാ കബഡിയിൽ ഇന്ത്യ പങ്കെടുത്ത മറ്റ് പതിപ്പുകളിലെല്ലാം സ്വർണം നേടിയിട്ടുണ്ട്. ഹാംഗ്ചൗവിൽ നടന്ന കഴിഞ്ഞ ഏഷ്യൻ ഗെയിംസിലും ഇന്ത്യ തന്നെയായിരുന്നു വനിതാ കബഡി ചാമ്പ്യന്മാർ. ചൈനീസ് തായ്പേയിയെ 26-25ന് തോൽപ്പിച്ചാണ് ഇന്ത്യ കഴിഞ്ഞ തവണ സ്വർണം നേടിയത്.

കിരീടനേട്ടത്തിനുശേഷം 'വന്ദേ മാതരം' ആലപിച്ചുകൊണ്ടാണ് ഇന്ത്യൻ താരങ്ങൾ വിജയാഘോഷം നടത്തിയത്. വനിതാ കബഡിയിൽ സ്വർണം നേടിയതോടെ ഏഷ്യൻ ഗെയിംസിലെ ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 27 ആയി. മൂന്ന് സ്വർണം, 11 വെള്ളി, 13 വെങ്കലം എന്നിങ്ങനെയാണ് ഇന്ത്യയുടെ മെഡൽ നേട്ടം. മെഡൽ പട്ടികയിൽ ഇന്ത്യ നിലവിൽ 12-ാം സ്ഥാനത്താണ്

വടകര എംഡിഎംഎ കേസിലെ പ്രതി കീർത്തനയെ കുത്തി പരിക്കേൽപ്പിച്ച് പങ്കാളി; സംഭവം പൊലീസ് സ്റ്റേഷനിൽ ഒപ്പിടാൻ എത്തിയപ്പോൾ

വടകര: വടകര എംഡിഎംഎ കേസിലെ പ്രതി കീർത്തനക്ക് കുത്തേറ്റു. പൊലീസ് സ്റ്റേഷനിൽ ഒപ്പിടാൻ എത്തിയപ്പോഴാണ് പങ്കാളി വിനീഷ് കുത്തി പരിക്കേൽപ്പിച്ചത്. കഴിഞ്ഞ ആഴ്ചയാണ് ഹൈകോടതിയിൽ നിന്നും കീർത്തനക്ക് ജാമ്യം ലഭിച്ചത്. ജാമ്യ വ്യവസ്ഥ അനുസരിച്ച് ആഴ്ചയിൽ രണ്ട് ദിവസം പൊലീസ് സ്റ്റേഷനിൽ വന്ന് ഒപ്പിടണം. ഇത് പ്രകാരം വടകര പൊലീസ് സ്റ്റേഷനിൽ എത്തിയപ്പോഴാണ് പങ്കാളിയിൽ നിന്ന് കീർത്തനക്ക് കുത്തേറ്റത്.

വടകര
പോലീസ് സ്റ്റേഷൻ
वटकरा
पुलिस स्टेशन
VATAKARA
POLICE STATION

വനിതാ പൊലീസ് സ്റ്റേഷൻ പരിസരത്തേക്ക് കയറുന്നതിനിടെയാണ് പങ്കാളി കത്തി കൊണ്ട് കുത്തി പരിക്കേൽപ്പിച്ചത്. ഗുരുതര പരിക്കേറ്റ കീർത്തനയെ വടകര താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഉടൻ തന്നെ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റുമെന്ന് പൊലീസ് അറിയിച്ചു.

കേരളത്തിലുടനീളം ഏറെ ചർച്ചചെയ്ത കേസാണ് വടകര എംഡിഎംഎ കേസ്. പേരാമ്പ്ര ബി.ആർ.ഡി.സിയിലെ അധ്യാപകരായ കീർത്തന, കാവ്യ, നീഷ്മ എന്നിവരാണ് കേസുമായി ബന്ധപ്പെട്ട് പിടിയിലായ അധ്യാപകർ. കേസിൽ മുഖ്യ പ്രതിയാണ് കീർത്തന. കഴിഞ്ഞ ആഴ്ചയാണ് കീർത്തനക്ക് ജാമ്യം ലഭിച്ചത്. മറ്റൊരു അധ്യാപികയായ കാവ്യക്ക് ജാമ്യം ലഭിച്ചെങ്കിലും നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തത് കൊണ്ട് ജയിലിൽ നിന്നും മോചിതയാകാൻ സാധിച്ചിട്ടില്ല. വിനീഷിനെ പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

കോടതി പരസ്യം

ബഹു. കുന്ദംകുളം കുടുംബ കോടതി മുമ്പാകെ

OP. 969/2025

ഷമീറ, 37 വയസ്സ്, D/o മുഹമ്മദ് അലി, ഉണിച്ചിരിയാട്ട് ഹൗസ്, പി.ഒ. തൊഴിയൂർ, വൈലത്തൂർ വില്ലേജ്, ചാവക്കാട് താലൂക്ക് - 680 520
-ഹർജിക്കാരി

ഷഹീർ.കെ @ സഗീർ, 49 വയസ്സ്, S/o അബ്ദുള്ള, കറുപ്പം വീട്ടിൽ ഹൗസ്, പി.ഒ. ചാവക്കാട്, മണത്തല വില്ലേജ്, തിരുവത്ര ദേശം, ചാവക്കാട് താലൂക്ക്-680 506
-എതൃകക്ഷി

മേൽ നമ്പറിൽ എത്യുകക്ഷിക്കുള്ള FORM.1 സമൻസ് കോടതിയിലും വാസ സ്ഥലത്തും പതിച്ചു നടത്തുവാനായി കല്പിച്ച് കേസ് 13-10-2026 തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു: അന്നേദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കെറ്റ് മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കൽപിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

എന്ന്, 26-9-2016
ഹരജിഭാഗം അഡ്വക്കെറ്റ്
വിനോദ് എം വി (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ (ADC III)

OP(MV): 855/2016

കദീജ മുതൽപേർ
-ഹരജിക്കാർ

Nirmal Narayanan, S/o. Narayanan, Pazhangaparambu Mana, P.O. Anthikkad, Thrissur-680641
-4-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 4-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ അനുവദിച്ച് കേസ് **24-10-2026** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി രാവിലെ 11 മണിക്ക് 4-ാം എതൃകക്ഷിയോ ടിയാൻ അധികാരപ്പെടുത്തിയ വക്കീലൊ കോടതി മുമ്പാകെ ഹാജരായി മേൽ നമ്പർ കേസിൽ ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം മേൽനമ്പർ കേസ് 4-ാം എതൃകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, 14-8-2026
ഹരജിഭാഗം അഡ്വക്കെറ്റ്
എ കെ സുരേഷ്കുമാർ
(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബകോടതി മുമ്പാകെ

OP: **1220/2025**

ചാവക്കാട് താലൂക്ക്, ഗുരുവായൂർ വില്ലേജ് ഗുരുവായൂർ ദേശം, ഗുരുവായൂർ പി ഒ (പിൻ-680101) പെരുമ്പിലാവ് റോഡ് കെ എൻ വ്യൂ പത്മനാഭൻ മകൾ 34 വയസ് ദീപ്തി പത്മനാഭൻ, ഇപ്പോൾ താമസം - ഫ്ളാറ്റ് നമ്പർ 106, കോൺഫിഡന്റ് ലോട്ടസ്, അരണാട്ടുകര പി ഒ, പിൻ -680611, എൽതുരുത്ത്, തൃശൂർ
-ഹർജിക്കാരി

രാകേഷ് ഇ, 38 വയസ് S/o സോമസുന്ദരൻ ടി, തെക്കേടത്ത് ഹൗസ്, പുത്തൻപള്ളി പി ഒ., (പിൻ-680103) തിരുവെങ്കിടം ദേശം, ഗുരുവായൂർ, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല
-എതൃകക്ഷി

എതൃകക്ഷിയിൽനിന്നുള്ള വിവാഹമോചനം ലഭിക്കുന്നതിനു വേണ്ടിയാണ് മേൽ നമ്പർ ഹരജി ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ കേസിൽ എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ച് നടത്തുന്നതിന് **23-11-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. മേൽ കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു: കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം എതൃകക്ഷിയെ കൂടാതെ ഹരജി തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 26-9-2026.
ഹർജിഭാഗം അഡ്വക്കെറ്റ്
എം എ ബിജു (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ലഹരി വിരുദ്ധ കർമ്മ സേന രൂപീകരിച്ചു

പാവറട്ടി: വേന്മനാട് എം.എ.എസ്.എം.വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂളിൽ വിദ്യാർത്ഥികളിലെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും ചേർന്ന് ലഹരി വിരുദ്ധ കർമ്മ സേന രൂപീകരിച്ചു. വിദ്യാലയം ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ സ്കൂൾ പ്രിൻസിപ്പൽ ഷൈൻ. കെ.വി. അധ്യക്ഷതവഹിച്ച യോഗത്തിൽ 24കേരള ബറ്റാലിയൻ അസോസയേറ്റ്ഡ്എൻ.സി. സി ഓഫീസർ മേജർ പി ജെ സ്റ്റൈജു ഉദ്ഘാടനം ചെയ്തു.

ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് ഇത്തരത്തിലുള്ളകൂട്ടായ പരിശ്രമം കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മേജർ അഭിപ്രായപ്പെട്ടു.

അധ്യാപകരായ പി. സൽമാൻ ഖുർഷിദ്,പി. ജാസിർ സഫീർ, കെ.ജിംല ജേക്കബ്,പി. നിഷ നേതൃത്വം നൽകി. സെമിനാറിനു ശേഷം സേനാംഗങ്ങൾക്ക് മേജർ പി.ജെ.സ്റ്റൈജു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

ശാസ്ത്രി സ്മൃതി ക്വിസ്

ഇരിങ്ങാലക്കുട : ലാൽ ബഹദൂർ ശാസ്ത്രിയുടെ നാമധേയത്തിലുള്ള ഇന്ത്യയിലെ ഏക സ്കൂളായ അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ശാസ്ത്രി സ്മൃതി ക്വിസ് നടത്തുന്നു ഉപജില്ലയി ലെ എൽ പി യു പി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി ഈ മാസം 29 ന് രാവിലെ സ്ക്കൂൾ ഹാളിൽ മത്സരം നടക്കും ലാൽ ബഹദൂർ ശാസ്ത്രിയുടെ ജന്മദിനമായ ഒക്ടോബർ 2 ന് വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുമെന്ന് സ്കൂൾ മാനേജർ എ സി സുരേഷ് പത്രസമ്മേളനത്തിൽ അറിയിച്ചു ഒന്നാം സ്ഥാനത്തിന് 3000 രൂപയും രണ്ടാം സമ്മാനത്തിന് 2000 രൂപയും മൂന്നാം സ്ഥാനത്തിന് 1000 രൂപയും നൽകുന്നതാണെന്നും എ സി സുരേഷ്അറിയിച്ചു എൽ പി യു പി വിഭാഗങ്ങളിൽ നിന്നും ഒരു സ്ക്കൂളിൽ 2 പേരടങ്ങുന്ന ടീം ഈ മാസം 27ന് 5 മണിക്ക് മുൻപായി പേർ റജിസ്റ്റർ ചെയ്യേണ്ടതാണ് വിശദവിവരത്തിന് 9497804828 നമ്പറിൽ വിളിക്കേണ്ടതാണ്പ്രിൻസിപ്പൽ ഡോ: എ വി രാജേഷ് ഹെഡ് മിസ്ട്രസ് രജനി പി ടി എ പ്രസിഡണ്ട് എൻ എസ് പ്രസാദ് മാനേജ്മെ ന്റ് കമ്മറ്റി അംഗം കെ കെ കൃഷ്ണൻ നമ്പൂതിരി എന്നി വരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

“വെളിച്ചം 2026” കരിയർ ഗൈഡൻസ് ശിൽപശാലക്ക് തുടക്കമായി

തൃശൂർ: 2026-27 സാമ്പത്തിക വർഷത്തിലെ വികേന്ദ്രീകൃതാസൂത്രണ പട്ടികജാതി വികസന പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന “വെളിച്ചം 2026” കരിയർ ഗൈഡൻസ് ദ്വിദിന ശിൽപശാലയ്ക്ക് തുടക്കമായി. വിവേകോദയം ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന പരിപാടി തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം നിർവഹിച്ചു. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ജേക്കബ് പുലിക്കോട്ടിൽ അധ്യക്ഷത വഹിച്ചു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ മുന്നേറ്റം ലക്ഷ്യമിട്ടാണ് കോർപ്പറേഷൻ ശിൽപശാല സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികളുടെ കഴിവുകളും അഭിരുചികളും തിരിച്ചറിഞ്ഞ് അനുയോജ്യമായ മേഖല തിരഞ്ഞെടുക്കുകയും ഉന്നത വിദ്യാഭ്യാസ-തൊഴിൽ സാധ്യതകളെക്കുറിച്ച് അവബോധം നൽകുകയുമാണ് ശിൽപശാലയുടെ ലക്ഷ്യം. കൂടാതെ, ആത്മവിശ്വാസം വളർത്തുന്നതിനായി ലൈഫ് സ്കിൽ, മാനസിക സമ്മർദ്ദം കുറയ്ക്കൽ (സ്ട്രെസ് മാനേജ്മെന്റ്), പരീക്ഷ പേടി മറികടക്കൽ, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ പദ്ധതികൾ തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. ഡോ. ശ്രീകല, ലക്ചറർ പി. പ്രസി, വി. പ്രബിത, അഡ്വ. വില്ലി ജിജോ എന്നിവർ ക്ലാസുകൾ ചെയ്തു. വിഭിത വാസു, സിന്റോമോൾ സോജൻ, കൗൺസിലർ സാജൻ സി. ജോർജ്, സ്കൂൾ പ്രിൻസിപ്പാൾ ടി.എസ് പത്മജ തുടങ്ങിയവർ സംസാരിച്ചു.

പി എഫ് പെൻഷൻ വർദ്ധിപ്പിക്കണം

തൃശൂർ: ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള മുഴുവൻ പ്രൊവിഡന്റ് പെൻഷൻകാർക്കും വാർദ്ധക്യ കാല പെൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും, 1995 ൽ ആരംഭിച്ച പി എഫ് പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കാതെ മിനിമം പെൻഷൻ ആയിരംരൂപ പോലും അനുവദിക്കാതെയും കേന്ദ്ര സർക്കാരും. EPFO അധികാരികളും പെൻഷൻകാരോട് തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്നും കോസ്റ്റ് ഫോർഡ് ഓഡിറ്റോറിയത്തിൽ PF PA തൃശ്ശൂർ ജില്ലാ സമ്മേളനം ഉദ്ഘാടന പ്രസംഗത്തിൽ തൃശ്ശൂർ എം എൽ എ രാജൻ ജെ പല്ലൻ പ്രസ്താവിച്ചു. ജില്ല പ്രസിഡണ്ട് കെ രാമനാഥൻ അദ്ധ്യക്ഷനായി, അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം ജോസ് ആറ്റുപുറം, സംസ്ഥാന ഭാരവാഹികളായ ആർ സദാനന്ദൻ പിള്ള, ടി രമേശൻ, ജില്ല ജനറൽ സെകട്ടറി എം രാമദാസ്, ജില്ലാ ഭാരവാഹികളായ ഇ കെ കൃഷ്ണൻ നായർ, എം ജി വേണുഗോപാൽ, എം കെ മോഹനൻ തുടങ്ങിയവർ സംസാരിച്ചു.

PF പെൻഷൻമിനിമം 9000 രൂപയായി വർദ്ധിപ്പിച്ച് DA അനുവദിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സമ്മേളനം ആവശ്യപ്പെട്ടു. പുതിയ ഭാരവാഹികളായി കെ രാമനാഥൻ (പ്രസിഡന്റ്) ഇ കെ കൃഷ്ണൻ നായർ (വർക്കിംഗ് പ്രസിഡന്റ്) എം രാമദാസ് (ജനറൽ സെക്രട്ടറി) വൈസ് പ്രസിഡന്റുമാർ, വി ജനാർദ്ദനമേനോൻ

തിമത്തിയോസ് പ്രസിഡന്റ്, റെജി വൈസ് പ്രസിഡന്റ്



തിമത്തിയോസ് ലാസർ

റെജി ജോഷി

തൃശ്ശൂർ : തൃശ്ശൂർ ഡിസ്ട്രിക്ട് മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സൊസൈറ്റി പ്രസിഡന്റായി തിമത്തിയോസ് ലാസറിനെ തെരഞ്ഞെടുത്തു. റെജി ജോഷിയാണ് വൈസ് പ്രസിഡന്റ്. ഡയറക്ടർമാർ: എ.എസ്. നസീർ, ഡീന ജോൺസൺ, ഗീത കൃഷ്ണൻകുട്ടി, സാജൻ ജോസ്, പി.യു. ഷെറീന, കെ.കെ. സന്തോഷ്, പി.കെ. വിജീഷ്.

ആദര സമ്മേളനം സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട പ്രസ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ബോയ്സ് സ്കൂളിൽ ആദര സമ്മേളനം സംഘടിപ്പിച്ചു. പൊതു വിദ്യാലയങ്ങളിൽ പഠനം നടത്തി ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന എന്ന ഉദ്യേശത്തോടെ കഴിഞ്ഞ 15 വർഷമായി ഇരിങ്ങാലക്കുട പ്രസ്സ് ക്ലബ്ബ് നൽകി വരുന്ന ആദരവിന്റെ ഭാഗമായാണ് ബോയ്സ് സ്കൂളിൽ എസ് എസ് എൽ സി, പ്ലസ് ടു, വി എച്ച് എസ് ഇ വിഭാഗങ്ങളിലായി ഏറ്റവും മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ മൊമൊന്റെയും ക്യാഷ് അവാർഡും നൽകി അഭിനന്ദിച്ചത്. ഇരിങ്ങാലക്കുട എം എൽ എ തോമസ് ഉണ്ണിയാടൻ ആദര സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിൽ ബിജിത്തും, ഹയർ സെക്കൻഡറി വിഭാഗത്തിൽ ജ്വാക്ലിൻ ജെ മെന്റസും വി എച്ച് എസ് ഇ വിഭാഗത്തിൽ അനയ എം എസും പുരസ്കാരങ്ങൾ കരസ്ഥമാക്കി. പ്രസ്സ് ക്ലബ്ബ് പ്രസിഡൻ് വി ആർ സുകുമാരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ എം കെ മുരളി, വി എച്ച് എസ് സി പ്രിൻസിപ്പാൾ സൂരജ് ശങ്കർ, പി ടി എ പ്രസിഡന്റ് വിഭക്ത വത്സലൻ , വിദ്യാർത്ഥി പ്രതിനിധി റെബേക്ക കുര്യക്കോസ് തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു. പ്രസ്ക്ലബ്ബ് സെക്രട്ടറി ടി ജി സിബിൻ സ്വാഗതവും ട്രഷറർ രാഹുൽ അശോകൻ നന്ദിയും പറഞ്ഞു.

ശക്തൻ നഗർ ബസ് സ്റ്റാന്റിന്റെ ശോചനിയാവസ്ഥ, സ്വകാര്യ ബസ് തൊഴിലാളികൾ കോർപ്പറേഷൻ ഓഫിസ് മാർച്ചും ധർണ്ണയും നടത്തി

തൃശൂർ : ശക്തൻ തമ്പുരാൻ നഗർ ബസ് സ്റ്റാന്റിനകത്ത് പ്രവേശിക്കുന്ന ബസുകൾക്ക് നടപ്പാക്കിയിട്ടുള്ള ബാരി ക്കേഡ് പൊളിച്ച് മാറ്റുക, ശക്തൻ സ്റ്റാന്റിലെ റോഡുകളുടെ ശോചനിയാവസ്ഥ പരിഹരിക്കുക, ട്രാഫിക് ഉപദേശക കമ്മറ്റിയിലും, റോഡ് സുരക്ഷ കമ്മറ്റിയിലും, ട്രേഡ് യൂണിയൻ പ്രതിനിധികളെ കൂടി ഉൾപെടുത്തുക തുടങ്ങിയ അവാശ്യങ്ങൾ ഉന്നയിച്ച് സ്വകാര്യ ബസ് തൊഴിലാളികൾ തൃശൂർ ഡിസ്ട്രിക് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയിസ് യൂണിയൻ - സി.ഐ.ടി.യു. കോർപ്പറേഷൻ ഓഫീസ് മാർച്ചും ധർണ്ണയും നടത്തി ശക്തൻ സ്റ്റാന്റിൽ നിന്ന് ആരംഭിച്ച മാർച് വ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ സമാപിച്ചു. തുടർന്ന് നടന്ന ധർണ്ണ സി. ഐ. ടി. യു. സംസ്ഥാനവൈസ്പ്രസിഡന്റ് എം.കെ. കണ്ണൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ ജില്ല ജോയിന്റ് സെക്രട്ടറി ലിസൺ ജോൺ അദ്ധ്യക്ഷത വഹിച്ചു. കോൺഫെഡറേഷൻ സംസ്ഥാന സെക്രട്ടറി പി. കെ. പുഷ്പാകരൻ, സി. ഐ. ടി. യു. ജില്ല സെക്രട്ടറി ടി. സുധാകരൻ, യൂണിയൻ ജനറൽ സെക്രട്ടറി കെ.പി. സണ്ണി, പി. എ സ്. രാജേഷ് എന്നിവർ പ്രസംഗിച്ചു. കെ. ആർ. അനന്തൻ, എൻ. എസ്.പവനൻ , കെ .എം . സുനിൽകുമാർ, സി.ജെ. ആന്റണി, എ . ഷാരോൺ, മുഹമ്മദ് റാഫി, എം. കെ. സെയ്ത ലവി എന്നിവർ മാർച്ചിന് നേതൃത്വം നൽകി: ഫോട്ടോ ക്യാപ്ഷൻ: വിവിധാ വശ്യങ്ങൾ ഉന്നയിച്ച് സ്വകാര്യ ബസ് തൊഴിലാളികൾ തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ നടത്തിയ ധർണ്ണ സി.ഐ.ടി.യു. സംസ്ഥാനവൈസ് പ്രസിഡന്റ് എം.കെ. കണ്ണൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു

സാഹിത്യ അക്കാദമി പ്രസിഡണ്ട് കൽപ്പറ്റ ; സെക്രട്ടറി സുരേന്ദ്രൻ

കേരള സാഹിത്യ അക്കാദമി
ചെയർമാൻ :
കൽപ്പറ്റ നാരായണൻ
സെക്രട്ടറി :
എം.പി സുരേന്ദ്രൻ
Department for Cultural affairs and Cinema

കേരള ഫോക്‌ലോർ അക്കാദമി
ചെയർമാൻ
സുരേഷ് ബാബു എളയാവൂർ
വൈസ് ചെയർമാൻ
ശ്രീരാമൻ കൊയ്യോൻ
മെമ്പർ സെക്രട്ടറി
പ്രദീപ് പയ്യന്നൂർ
Department for Cultural affairs and Cinema

കേരള ലളിതകലാ അക്കാദമി
ചെയർമാൻ:
പ്രൊഫ. പ്രകാശ് മൂർത്തി
വൈസ് ചെയർമാൻ:
ടി. ആർ ഉദയ കുമാർ
സെക്രട്ടറി:
വൈക്കം എം.കെ ഷിബു
Department for Cultural affairs and Cinema

KSFDC
കെഎസ്എഫ്ഡിസി
ചെയർമാൻ
പ്രേംകുമാർ
വൈസ് ചെയർമാൻ
ആലപ്പി അഷറഫ്
Department for Cultural affairs and Cinema

കേരള സംഗീത നാടക അക്കാദമി
ചെയർമാൻ
ജി. വേണുഗോപാൽ
വൈസ് ചെയർമാൻ
ഹേമന്ത്കുമാർ
സെക്രട്ടറി
പ്രദീപ്കുമാർ എൻ.വി
Department for Cultural affairs and Cinema

സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
ചെയർമാൻ :
എം.രഞ്ജിത്ത്

തിരു: സംസ്ഥാനത്തെ പ്രമുഖ സാംസ്കാരിക സ്ഥാപനങ്ങൾക്ക് പുതിയ നേതൃത്വം. സാഹിത്യം, സിനിമ, നാടകം, സംഗീതം, ചിത്രകല, നാടോടിക്കലകൾ തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖരാണ് വിവിധ അക്കാദമികളുടെയും സാംസ്കാരിക സ്ഥാപനങ്ങളുടെയും നേതൃത്വത്തിലേക്ക് എത്തുന്നത്.

കേരള സാഹിത്യ അക്കാദമിയുടെ ചെയർമാനായി പ്രമുഖ കവിയും എഴുത്തുകാരനും പ്രഭാഷകനുമായ കൽപ്പറ്റ നാരായണനെ സർക്കാർ നിശ്ചയിച്ചു. എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ എം. പി. സുരേന്ദ്രനാണ് അക്കാദമിയുടെ പുതിയ സെക്രട്ടറി.

കേരള സംഗീത നാടക അക്കാദമിയുടെ ചെയർമാനായി പ്രശസ്ത ഗായകനും സംഗീതസംവിധായകനുമായ ജി. വേണുഗോപാൽ ചുമതലയേൽക്കും. നാടക-സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഹേമന്ത് കുമാറാണ് വൈസ് ചെയർമാൻ. സാംസ്കാരിക സംഘടനാ രംഗത്ത് സജീവമായ എൻ. വി. പ്രദീപ്കുമാറാണ് അക്കാദമിയുടെ പുതിയ സെക്രട്ടറി.

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KSFDC) ചെയർമാനായി പ്രശസ്ത നടനും സാംസ്കാരിക പ്രവർത്തകനുമായ പ്രേംകുമാറും, വൈസ് ചെയർമാനായി സംവിധായകനും നിർമ്മാതാവുമായ ആലപ്പി അഷറഫും ചുമതലയേൽക്കും. പ്രേംകുമാർ നേരത്തെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചെയർമാനായും വൈസ് ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ചെയർമാനായി പ്രശസ്ത ചലച്ചിത്ര നിർമ്മാതാവും ചലച്ചിത്ര മേഖലയിലെ സംഘാടകനുമായ എം. രഞ്ജിത്തിനെ നിയമിച്ചു. കലാകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും ക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ബോർഡ് നേതൃത്വംനൽകും.

കേരള ലളിതകലാ അക്കാദമിയുടെ ചെയർമാനായി രാജ്യാന്തര തലത്തിൽ ശ്രദ്ധേയനായ ആനിമേറ്ററും പ്രൊഡക്ഷൻ ഡിസൈനറുമായ പ്രൊഫ. പ്രകാശ് മൂർത്തി ചുമതലയേൽക്കും. ചിത്രകലാരംഗത്ത് ശ്രദ്ധേയനായ ടി. ആർ. ഉദയകുമാർ വൈസ് ചെയർമാനാകും. വൈക്കം എം. കെ. ഷിബുവാണ് അക്കാദമിയുടെ സെക്രട്ടറി.

കേരള ഫോക്‌ലോർ അക്കാദമിയുടെ ചെയർമാനായി നാടോടി കലാ-സാംസ്കാരിക രംഗത്തെ പ്രമുഖനും ഗാന്ധി ദർശൻ വേദിയുടെ സംസ്ഥാന വൈസ് ചെയർമാനുമായ സുരേഷ് ബാബു എളയാവൂർ സ്ഥാനമേൽക്കും. ഗോത്രവിഭാഗങ്ങളുടെ അവകാശ പ്രവർത്തകനും സാംസ്കാരിക പ്രവർത്തകനുമായ ശ്രീരാമൻ കൊയ്യോനാണ് വൈസ് ചെയർമാൻ. അക്കാദമിയുടെ മുൻ സെക്രട്ടറിയായിരുന്ന പ്രദീപ്കുമാർ എം. പയ്യന്നൂർ പുതിയ മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കും.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ചെയർമാനായി പ്രമുഖ മലയാളം-തമിഴ് നടനും രാജ്യാന്തര തലത്തിൽ ശ്രദ്ധേയനായ ഫിലിം ഫെസ്റ്റിവൽ ക്യൂറേറ്ററുമായ രവീന്ദ്രനെ നിയോഗിച്ചിരുന്നു. പ്രശസ്ത നടിയും സാംസ്കാരിക പ്രവർത്തകയുമായ പ്രിയങ്ക നായരാണ് ചലച്ചിത്ര അക്കാദമിയുടെ വൈസ് ചെയർമാൻ. നടൻ സലിം ഹസ്സൻ, യുവ സംവിധായകൻ ജോഫിൻ.ടി.ചാക്കോ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളാവും.

മൊബൈൽ ഫോണിന്റെ തകരാർ:

ഫോൺ റിപ്പയർ ചെയ്ത് തിരികെ നൽകിയെന്ന വാദം തള്ളി, വില 67900 രൂപയും പലിശയും നഷ്ടം 20000 രൂപയും ചിലവ് 5000 രൂപയും നൽകുവാൻ വിധി.

തൃശൂർ: മൊബൈൽ ഫോണിന് തകരാർ ആരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ മൂർക്കനിക്കര സ്വദേശി വടക്കൂട്ട് വീട്ടിൽ സുരേഷ്.വി.ആർ. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂരിലെ സാംസങ്ങ് ടി വി എസ് ഇലക്ട്രോണിക്സ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ന്യൂഡെൽഹിയിലെ സാംസങ്ങ് ഇന്ത്യ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡിനെതിരെയും ഇപ്രകാരം വിധിയായത്.സുരേഷ് 67900 രൂപ നൽകിയാണ് മൊബൈൽ ഫോൺ വാങ്ങുകയുണ്ടായത്. വാങ്ങി ഉപയോഗിച്ചു വരവെ ബാറ്ററിയിൽ ചാർജ് നിൽക്കാത്ത അവസ്ഥ വരുകയുണ്ടായിട്ടുള്ളതാകുന്നു.പരാതിപ്പെട്ടപ്പോൾ ഫോൺ എതിർകക്ഷികൾ വാങ്ങി വെക്കുകയായിരുന്നു.തുടർന്ന് വിളിച്ച് ചോദിച്ചപ്പോൾ മദർ ബോർഡും ബാറ്ററിയും മാറ്റി എന്ന് അറിയിച്ചിട്ടുള്ളതാകുന്നു. എന്നാൽ ഇപ്രകാരം മാറ്റുന്ന കാര്യം സുരേഷിനെ അറിയിച്ചിരുന്നില്ല. മൊബൈൽ ഫോൺ ഹർജിക്കാരന് തിരിച്ചു നൽകുകയുണ്ടായില്ല.ഹരജിക്കാരന് ഫോൺ തിരിച്ചു നൽകിയെന്ന വാദം എതിർകക്ഷികൾ ഉയർത്തിയെങ്കിലും തെളിയിക്കുവാനായില്ല. എതിർകക്ഷികളുടെ പ്രവൃത്തി സേവനത്തിലെ ഗുരുതരമായ വീഴ്ചയാണെന്ന് വിലയിരുത്തിയ പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാരന് മൊബൈൽ ഫോണിന്റെ വിലയായ 67900 രൂപയും ആയതിന് ഹർജി തിയ്യതി മുതൽ 9 % പലിശയും നഷ്ടപരിഹാരമായി 20000 രൂപയും ചിലവിലേക്ക് 5000 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

FITU സ്ഥാപക ദിനമാചരിച്ചു

തൃശൂർ: ഫെഡറേഷൻ ഓഫ് ഇന്ത്യൻ ട്രേഡ് യൂണിയൻ (FITU) സ്ഥാപക ദിനത്തോടനുബന്ധിച്ച് തൃശൂർ കൊക്കാലെയിലുള്ള ജില്ലാ ഓഫീസിനു മുന്നിൽ ജില്ലാ പ്രസിഡണ്ട് ഹംസ എളനാട് പതാക ഉയർത്തുന്നു. സംസ്ഥാന ട്രഷറർ ഉസ്മാൻ മുല്ലക്കര, ജില്ലാ വൈസ് പ്രസിഡന്റുമാരായ സരസ്വതി വലപ്പാട്, ആസിയ മജീദ്, ജില്ലാ കമ്മിറ്റി അംഗങ്ങളായ മുഹമ്മദാലി കോയാസ്,സുരേഷ് നോങ്ങല്ലൂർ, അഷ്റഫ് കാട്ടൂർ , സാജിദ റസാഖ്, കണ്ണൻ, എന്നിവർ പങ്കെടുത്തു.തൊഴിലാളികൾക്ക് മധുരപലഹാര വിതരണവും നടത്തി

കോടതി പരസ്യം

ബഹു. തൃശ്ശൂർ ഫസ്റ്റ് അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ

OS 5804/2014

ശക്തൻ കുറീസ് & ലോൺസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിനുവേണ്ടി തൃശൂർ താലൂക്ക് ചിയ്യാരം വില്ലേജ് ചിയ്യാരം ദേശത്ത് പാല്യേക്കര മാത്യു മകൻ 63 വയസ് പോൾസൺ പി എം

-അന്യായം

1) കണയന്നൂർ താലൂക്ക് തൃക്കാക്കര വില്ലേജ് എടപ്പിള്ളി ദേശത്ത് പനച്ചേരിൽ ജോൺ ചാക്കോ എന്ന ചാക്കോ മകൻ 78 വയസ് പി. ജേക്കബ് കുര്യൻ

2) കണയന്നൂർ താലൂക്ക് തൃക്കാക്കര വില്ലേജ് എടപ്പിള്ളി ദേശത്ത് പനച്ചേരിൽ ജേക്കബ് കുര്യൻ മകൻ 49 വയസ് മാത്യു കുര്യൻ

-1, 2, പ്രതികൾ

മേൽ നമ്പറിൽ 1, 2 പ്രതികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **8-10-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറി യിച്ചുകൊള്ളുന്നു.

എന്ന്, 26-9-2026
അന്യായഭാഗം അഡ്വക്കേറ്റ്
ആന്റോ ഡേവീസ് എ (ഒപ്പ്)

സ്വർണവില ഇടിഞ്ഞു

തൃശ്ശൂർ: കേരളത്തിൽ സ്വർണവിലയിൽ ഇടിവ് രേഖപ്പെടുത്തി. വിപണിയിൽ ഇന്ന് ഒരു പവൻ സ്വർണത്തിന് 120 രൂപ കുറഞ്ഞ് 1,11,960 രൂപയിലാണ് വ്യാപാരം നടക്കുന്നത്. ഇന്നലെ പവന് 120 രൂപ വർധിച്ച് 1,12,080 രൂപയായിരുന്നു വില.

പ്രസിഡന്റ്
സെക്രട്ടറി
ട്രഷറർ
കെ ബാബു
രവി പുഷ്പഗിരി
ശിവദാസൻ മങ്കുഴി

കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതിതൃശൂർ വെസ്റ്റ് ഏരിയാ കമ്മറ്റി ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ:

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

EA: 2/2026
EP: 1753/2023
OS: 154/2018

ജോൺ

-ഹരജിക്കാരൻ

1) ചാലക്കുടി താലൂക്ക് കൊടകര വില്ലേജിൽ മനകുളങ്ങര ദേശത്ത് കിടങ്ങൻ ബാബു ഭാര്യ റെറ്റി ബാബു

-എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചു നടത്താൻ ബോധിപ്പിച്ച ഹരജി അനുവദിച്ച് മേൽ നമ്പർ കേസ് **8-10-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. ടി വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 25-9-2026
ഹരജിഭാഗം അഡ്വക്കേറ്റ്
പി മധുസൂദന മേനോൻ
(ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

OS: 135/2026

കറന്റ് ബുക്സ് ചീഫ് എക്സിക്യൂട്ടീല് ഓഫീസർ രവി സി സി ക്കുവേണ്ടി മുക്ത്യാറുകാരൻ ജി വേണുഗോപാൽ, S/o. ഗോപാലകൃഷ്ണൻ നായർ, ഗോപീവിലാസം, പാമ്പാടി ദേശം, കോട്ടയം

-അന്യായം

1) മുകുന്ദപുരം താലൂക്ക് കാറളം വില്ലേജ് കിഴുത്താണി ദേശത്ത് മാത്തൻച്ചിറ അന്തപ്പൻ മകൻ പോൾസൺ

2) ടി വില്ലേജ് ദേശത്ത് മാത്തൻച്ചിറ അന്തപ്പൻ മകൻ ബാബു

-2, 3 പ്രതികൾ

മേൽ നമ്പറിൽ 2, 3 പ്രതികൾക്കുള്ള സമൻസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചു നടത്താൻ ബോധിപ്പിച്ച ഹരജി അനുവദിച്ച് മേൽ നമ്പർ കേസ് **13-10-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. ടി വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 24-9-2026
അന്യായഭാഗം അഡ്വക്കേറ്റ്
പി കെ ശശികുമാർ (ഒപ്പ്)